## എം ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകപ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേ ഏകജാലകം വഴിയുള്ള ഇൻറഗ്രേറ്റഡ് ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

പഞ്ചവത്സര ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനു പ്രത്യേകമയി അപേക്ഷിക്കണം. ഇതിനായി ക്യാപ്പ് വെബ് സൈറ്റിലെ ഐ പി ക്യാപ്പിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റെർ ചെയ്യാവുന്നതാണ്. കോളേജ്-പ്രോഗ്രാം വിശദാംശങ്ങളും സീറ്റ് ലഭ്യതയും മറ്റ് അനുബന്ധ വിവരങ്ങളും ഐ പി ക്യാപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്.